പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

2021 ജനുവരി 13, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## സർക്കാർ ജീവനക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : 508
ശ്രീ.അനിൽ അക്കര

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ആരോഗ്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പുനരാരംഭിച്ചതിന്റെ ഭാഗമായി പുതുക്കിയ **Request For Proposal (RFP)** പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെൻഡർ നടപടികളിൽ പങ്കെടുത്ത അഞ്ച് ഇൻഷ്വറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് **(financial bid)** പരിഗണിക്കുന്നതിനു വേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകളുടെ **(technical bids)** പരിശോധന പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി വീണ്ടും ഐ.ആർ.ഡി.എ.ഐ. അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് അപേക്ഷ സമർപ്പിച്ചത്; | മെഡിസെപ് പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി ഐ.ആർ.ഡി.എ.ഐ. അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചിരുന്നു. ഇപ്പോൾ പുതുക്കിയ **Request For Proposal (RFP)** പ്രകാരമുള്ള റീ-ടെൻഡർ നടപടികൾ മാത്രം ആയതിനാൽ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചിരുന്നില്ല. |

| | | |
|---|---|---|
| (സി) | താല്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇ -ടെൻഡർ ക്ഷണിച്ചിരുന്നോ; അതിൽ ഏതൊക്കെ കമ്പനികളാണ് പങ്കെടുത്തത്; | പുതുക്കിയ **Request For Proposal (RFP)** ന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ഇ-ടെൻഡർ ക്ഷണിച്ചിരുന്നത്. ഇതിൽ പങ്കെടുത്ത ഇൻഷ്വറൻസ് കമ്പനികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br><br>1. നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്<br>2. ദ ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്<br>3. ദ ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്<br>4. ബജാജ് അലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്.<br>5. റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്. |
| (ഡി) | ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുക ഏത് കമ്പനിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്; | സാങ്കേതിക ബിഡിൽ യോഗ്യത നേടിയ ഇൻഷ്വറൻസ് കമ്പനികളുടെ ഫിനാൻഷ്യൽ ബിഡ് പരിശോധനയ്ക്ക് ശേഷമേ ഏറ്റവും കുറഞ്ഞ വാർഷിക പ്രീമിയം തുക രേഖപ്പെടുത്തിയിട്ടുള്ള കമ്പനിയെ കണ്ടെത്തുവാൻ കഴിയുകയുള്ളൂ. |
| (ഇ) | കഴിഞ്ഞ വർഷം 27.04.2019 ലെ 49/2019 ധന ഉത്തരവ് പ്രകാരം സർക്കാരുമായി കരാറിൽ ഏർപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി വീണ്ടും ടെൻഡറിൽ പങ്കെടുത്തിരുന്നോ; അവർ എന്ത് തുകയാണ് ക്വാട്ട് ചെയ്തത്; | 27.04.2019 ലെ 49/2019 ധന ഉത്തരവ് പ്രകാരം ആരോഗ്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടത്തുവാനുള്ള അനുമതിയാണ് സർക്കാർ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിരുന്നത് എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ അവർക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്റ്റ് (AOC) സർക്കാർ റദ്ദ് ചെയ്തിരുന്നു. പുതുക്കിയ **Request For Proposal (RFP)** പ്രകാരമുള്ള റീ-ടെൻഡർ നടപടികളിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി പങ്കെടുത്തിരുന്നു. ഫിനാൻഷ്യൽ ബിഡിന്റെ പരിശോധനയ്ക്ക് ശേഷമേ അവർ ക്വോട്ട് ചെയ്ത തുക അറിയുവാൻ സാധിക്കുകയുള്ളൂ. |
| (എഫ്) | ആരോഗ്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ആരോഗ്യ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**